# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2431** **19.07.2016-ൽ മറുപടിയ്ക്ക്.**

**<u>ഗോശ്രീ ബസ്സുകളുടെ കൊച്ചി നഗര പ്രവേശനം</u>**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നഗരത്തിന്റെ ഏതെല്ലാം പ്രാന്തപ്രദേശങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ്സുകൾക്കാണ് കൊച്ചി നഗരത്തിലേക്ക് സർവ്വീസ് നടത്തുന്നതിന് നിലവിൽ അനുമതി നൽകിയി-ട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, ആലുവ, തൃപ്പൂണിത്തുറ, പിറവം, പെരുമ്പാവൂർ എന്നിവിടങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ്സുകൾക്ക് കൊച്ചി നഗരത്തിലേക്ക് സർവീസ് നടത്തുന്നതിന് പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഗോശ്രീബസ്സുകൾക്ക് നഗര പ്രവേശനം നിഷേധിച്ചി-രിക്കുന്നതു മൂലം, പഠനത്തിനും തൊഴിലിനുമായി കൊച്ചി നഗരത്തെ പ്രധാനമായും ആശ്രയിക്കുന്ന വൈപ്പിൻ നിവാസികൾ ബുദ്ധിമുട്ടനുഭവി-ക്കുന്നത് ശ്രദ്ധയിൽ -പ്പെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | ഉണ്ട്. 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻ വരെ ദീർഘിപ്പിച്ചത്. അതിനു മുമ്പ് വൈപ്പിൻ ബസ് സ്റ്റാൻഡ് വരെ മാത്രമേ സർവീസ് ഉണ്ടായിരുന്നുള്ളൂ.<br>അതിനുശേഷം ടി ബസ്സുകളുടെ സർവ്വീസ് BTH ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിക്കണ-മെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും, നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി |

| | | | |
|---|---|---|---|
| **(സി)** | വർഷങ്ങളായി തുടരുന്ന ഈ വിവേചനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | | അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും, വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം താഴെപ്പറയുന്ന തടസ്സങ്ങൾ മൂലം ഈ അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി നിരസിക്കുകയാണു -ണ്ടായിട്ടുള്ളത്. |
| **(ഡി)** | ഗോശ്രീ ബസ്സുകൾക്ക് നഗരപ്രവേശനം അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്നും ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ? | | 1. വാഹനപ്പെരുപ്പം മൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേക്ക് കൂടുതൽ ബസ്സുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.<br>2. കൊച്ചി നഗരത്തിലെ, BTH ജംഗ്ഷൻ വരെയുള്ള റോഡുകൾ (3 KM) (മേനക, ഷൺമുഖറോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻ വഴി) ദേശസാത്കൃത റൂട്ടുകളുടെ ഭാഗങ്ങളായതിനാൽ ടി റൂട്ടുകളിൽ കടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടെയും സുപ്രിം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും.<br>3. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ് പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്<br>4. BTH ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം.<br>5. BTH ജംഗ്ഷനിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കറുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതിചെയ്യുന്നതു |

| | | | |
|---|---|---|---|
| | | | കൊണ്ടുള്ള സുരക്ഷാ പ്രശ്നം<br>തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചുകൊണ്ടും, വൈപ്പിൻ ഭാഗത്തു നിന്നുള്ള ബസ്സുകൾ വൈറ്റില മൊബിലിറ്റി ഹബ്ബ് വരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കു ലഭിച്ചുവെങ്കിലും നിയമ തടസ്സമുള്ളതു കൊണ്ടും മോട്ടോർ വാഹന നിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം പുന:പരിശോധിക്കുന്നതിന് അതേ അതോറിറ്റിക്ക് അധികാരം ഇല്ലാത്തതിനാലും ടി ആവശ്യം അനുവദിക്കുന്നത് റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീംകോടതി /ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമായതിനാലും നഗരത്തിലെ ഗതാഗത -ക്കുരുക്കും, സുരക്ഷാ പ്രശ്നവും വർദ്ധിക്കുമെന്ന -തിനാലും ആയവ നിരുപാധികം നിരസിക്കുകയുണ്ടായി.<br>എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽ കൂടി സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള ദേശസാൽ -കൃത സ്കീമിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പെർമിറ്റ് നൽകാൻ മോട്ടോർവാഹന നിയമം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ പൊതുജന താൽപര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗോശ്രീ പാലം വഴി വൈപ്പിനിലേക്കും, തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് 20 (ഇരുപത്) കെ എസ് ആർ ടി.സി ബസ്സുകൾക്ക് സ്ഥിര പെർമിറ്റ് അനുവദിക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യവും കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിന്റെ സാമ്പത്തികമായ വശവും കണക്കിലെടുത്തുകൊണ്ട് കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യം കെ.എസ്. ആർ.ടി.സി.-യ്ക്ക് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.